**അടിയന്തിരം**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC NO:93/2022/EST-B**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
02/02/2023

## സർക്കുലർ

വിഷയം:- ശബരിമല മണ്ഡലം-മകരവിളക്ക് മഹോൽസവം 05/02/2023-ൽ പുന:രാരംഭിക്കുന്ന കാണിക്ക തിട്ടപ്പെടുത്തൽ സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.

സൂചന:-1. 23/01/2023-ലെ ROC13635/2019/SAB നമ്പർ ബോർഡ് ഉത്തരവ്.

2. ഈ ഓഫീസിലെ 30/01/2023-ലെ മേൽ നമ്പർ ഉത്തരവ്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു,

ശബരിമല മണ്ഡലം മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് ഭണ്ഡാരത്തിൽ അവശേഷിക്കുന്ന നാണയം എണ്ണിതിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ 05/02/2023-മുതൽ പുന:രാരംഭിക്കുന്നതിനാൽ ഓരോ ഗ്രൂപ്പിൽ നിന്നും 30 ക്ളാസ്ഫോർ ജീവനക്കാരെ വീതം 04/02/2023- AN-ൽ ശബരിമലയിൽ എത്തിച്ചേരത്തക്ക വിധം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിനും ഡ്യൂട്ടിയ്ക്ക് ചുമതലപ്പെടുത്തുന്ന ജീവനക്കാരുടെ പേരും വിശദാശങ്ങളും അടങ്ങിയ ലിസ്റ്റ് 31-01-2023 ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി ഈ ആഫീസിലേയ്ക്ക് ലഭ്യമാക്കുന്നതിനും നിർദേശിച്ചിരുന്നുവെങ്കിലും പല ഗ്രൂപ്പുകളിൽ നിന്നും 30 എണ്ണത്തിന് താഴെ എണ്ണം ജീവനക്കാരെയാണ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചതെന്ന് കാണുന്നു. മേലാഫീസിന്റെ ഉത്തരവ് പാലിക്കാതെയുള്ള ടി പ്രവർത്തി ഈ ആഫീസ് ഗൗരവപൂർവ്വം വീക്ഷിക്കുന്നു.ആകയാൽ സൂചന (2) ഉത്തരവിൽ നിർദേശിച്ചിരിക്കും പ്രകാരമുള്ള 30 ജീവനക്കാരെ വീതം ഓരോ ഗ്രൂപ്പിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് ചുമതലപ്പെടുത്തുന്ന ജീവനക്കാരുടെ പേരും വിശദാശങ്ങളും അടങ്ങിയ ലിസ്റ്റ് ഇന്നേ ദിവസം 5.00 മണിക്ക് മുമ്പായി ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ആരെങ്കിലും ആരോഗ്യപരമായോ,വ്യക്തിപരമായോ ഡ്യൂട്ടിയ്ക്ക് പോകു

ന്നതിന് അസൗകര്യം ഉള്ളതായി അപേക്ഷ ഹാജരാക്കുന്ന പക്ഷം പകരം മറ്റൊരു ജീവനക്കാരനെ ബന്ധപ്പെട്ട ഗ്രൂപ്പിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതും വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്. കാണിക്ക ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർ മാസപൂജ ഡ്യൂട്ടി നോക്കേണ്ടതില്ലായെന്ന വിവരവും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർക്ക് വേണ്ടി
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്-

1. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
2. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. ഐ.റ്റി സെക്ഷൻ ദേവസ്വം കമ്മീഷണർ ഓഫീസ്
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി

RA 02/02